Talented Bankers Literary Panel
പുസ്തകപരിചയം 89

പുസ്തകം പരിചയപ്പെടുത്തുന്നത്
ശശിധരൻ
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
അങ്ങാടിപ്പുറം ശാഖ.

**തിളച്ച മണ്ണിൽ കാൽനടയായി**
**Dr പുതുശ്ശേരി രാമചന്ദ്രൻ**
**ആത്മകഥ**

കഴിഞ്ഞ ആഴ്ച അന്തരിച്ച മലയാളത്തിലെ പ്രമുഖകവിയും ഭാഷാഗവേഷകനും അദ്ധ്യാപകനുമായ Dr പുതുശ്ശേരി രാമചന്ദ്രന്റെ ആത്മകഥ
---------------
തിളച്ച മണ്ണിൽ നിന്ന് കാൽനടയായി തുടങ്ങിയ ജീവിതം പറയുന്ന ആത്മകഥ. ആത്മകഥ എന്ന് വിളിക്കുന്നതിനേക്കാൾ ഇത് ഒരു സെൽഫ് ഓഡിറ്റിംഗ് എന്ന് പറയുന്നത് ആണ് നല്ലത്.

ഒരു തനി നാട്ടുമ്പുറത്തുകാരൻ തന്റെ രാഷ്ട്രീയ പ്രവർത്തനം, സംഘടന പ്രവർത്തനം, വിദ്യാഭ്യാസ പ്രവർത്തനം അങ്ങിനെ തനിക്കു വ്യാപരിക്കുവാൻ കഴിഞ്ഞ മേഖലയിൽ നിന്നുകൊണ്ട് തന്റെ നാടിനും സംസ്കാരത്തിനും ഭാഷക്കും ഗുണത്തിനായി എന്തൊക്കെ വിശ്രമലേശമന്യേ പോരാടി എന്ന ആത്മ വിമർശനം. അതും പൊടിപ്പും തൊങ്ങലും ലവലേശം ഇല്ലാതെ.

ശരിക്കും ഈ ആത്മ കഥനം മൂന്നു ഭാഗങ്ങൾ ആയി തിരിക്കാം

1.ബാല്യം, കൗമാരം വിദ്യാർത്ഥി, രാഷ്ട്രീയം (അതിൽ കൊല്ലം SN കോളേജ് പഠനകാലം വേറിട്ടൊരു ഭാഗമായി തന്നെ തിരിക്കാവുന്നതു )

2.ഔദ്യോഗിക, അക്കാദമിക, ഗവേഷണ, സാഹിത്യ കാലഘട്ടം

3.മലയാള ഭാഷയ്ക്കും സംസ്കാരത്തിനും ശരിയായ പൈതൃകത്തിനും വേണ്ടിയുള്ള പ്രവർത്തങ്ങളും പോരാട്ടങ്ങളും

ഈ മേല്പറഞ്ഞ മൂന്നു ഘട്ടങ്ങളും ഒന്നിനോടൊന്നു സമരസപ്പെട്ടും ഇഴുകിച്ചേർന്നും തന്നെയാണ് ഈ മനീഷിയുടെ ജീവിതം സാർത്ഥകമായി പര്യവസാനിച്ചതു. ഒരു കാര്യം കൂടി ആത്മകഥയുടെ അവസാനം വെറും ഒരു പേജിൽ ഒരു അധ്യായം ഉണ്ട് സ്വന്തം കുടുംബവിശേഷം. അത്രേ ഉള്ളൂ ഉത്തമപുരുഷ സർവ്വനാമത്തിനു ഈ ആത്മകഥയിൽ സ്ഥാനം.

മേല്പറഞ്ഞ മൂന്നു ധാരകളെ ഒന്ന് വിശദമായി നോക്കിയാൽ

1.ബാല്യം, കൗമാരം, വിദ്യാർഥി, രാഷ്ട്രീയം

മേല്പറഞ്ഞതിനൊന്നും വ്യക്തമായ അതിർത്തി രേഖകൾ ഇല്ല പുതുശ്ശേരി ജീവിതത്തിൽ. ശൂരനാട് എന്ന വിപ്ലവമണ്ണിൽ ജനിച്ചു വളർന്നവൻ അങ്ങിനെ ആയില്ല എങ്കിൽ അതിശയിച്ചാൽ മതിയല്ലോ. വിദ്യാർത്ഥി കാലത്ത് സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളിലൂടെയാണ് പുതുശ്ശേരി രാഷ്ട്രീയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. 1947 ആഗസ്ത് 15 നു സ്കൂളിലെ പതാക ഉയർത്തൽ ആത്മകഥയിൽ നിന്ന് തന്നെ വായിക്കുക

""... സ്വാതന്ത്ര്യ ദിനമായ ആഗസ്ത് 15നു സ്വാതന്ത്ര ഭാരതത്തിന്റെ ത്രിവർണ്ണ പതാകയല്ല, തിരുവിതാംകൂറിന്റെ പതാകയാണ് ഉയർത്തേണ്ടത് എന്നായിരുന്നു തിരുവിതാംകൂർ സർക്കാരിന്റെ ആദ്യം വന്ന ഔദ്യോഗിക അറിയിപ്പ്. അതിനെതിരെയുണ്ടായ പ്രതിഷേധത്തെതുടർന്ന് പതാകയുയർത്തൽ കാര്യത്തിൽ സർക്കാർ തലത്തിൽ ഒരു വ്യക്തത വന്നിരുന്നില്ല. പലയിടത്തും ഉശിരന്മാരായ സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തകരും വിദ്യാർത്ഥിനേതാക്കളുമൊക്കെ ത്രിവർണ്ണ പതാക ഉയർത്തി.
സ്കൂളിൽ നിന്ന് പുറത്താക്കപ്പെട്ടിരുന്ന ഞാനും വിദ്യാർത്ഥി കോൺഗ്രസ്കാരായിരുന്ന ചില സഹപാഠികളും ചേർന്നു ആഗസ്ത് 14 നു രാത്രി പന്ത്രണ്ടു മണിയാകുന്നതിനു അഞ്ചുമിനിറ്റ് മുൻപ് തന്നെ സ്കൂൾ കോമ്പൗണ്ടിൽ അതിക്രമിച്ചു കടന്ന് ദേശീയ പതാക ഉയർത്തി.""

വിദ്യാർത്ഥി കോൺഗ്രസിൽ നിന്ന് കമ്മ്യൂണിസത്തിലേക്ക് ചുവടുമാറുന്നതിൽ കാമ്പിശ്ശേരി, തോപ്പിൽ ഭാസി എന്നിവരുടെ സഹവർതിത്വം വിപ്ലവനായകൻ പുതുപ്പള്ളി രാഘവൻ സ്വാധീനം എന്നിവ കാണാം. സ്വതന്ത്ര തിരുവിതാംകൂർ വിരുദ്ധ സമരത്തിലെ വിപ്ലവ ഏടായ ശൂരനാട് സമരം അടിച്ചമർത്തപെട്ട ശേഷം ശൂരനാട് ലോക്കൽ കമ്മിറ്റി സെക്രട്ടറിയായി പാർട്ടി നിയോഗിച്ചത് അന്ന് 23 വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന വിദ്യാർത്ഥിയായ പുതുശ്ശേരി രാമചന്ദ്രനെ ആയിരുന്നു. ആ പ്രതിസന്ധി കാലത്തും പാർട്ടിയെ നിർഭയം നടത്തിപ്പോകാൻ പുതുശ്ശേരിക്ക് കഴിഞ്ഞു.

"ശൂരനാട് എന്നൊരു നാട് ഇനി വേണ്ടാ " എന്ന് തിരു കൊച്ചി മുഖ്യ മന്ത്രി പ്രസ്താവിച്ച നാട്ടിൽ പാർട്ടിയെ നയിക്കുക, കൊടിയ മർദ്ദനങ്ങളുടെയും, പീഡനങ്ങളുടെയും, നാശങ്ങളുടെയും എത്രയോ ദൃഷ്ടാന്തങ്ങൾ ഓർക്കാനും കുറിക്കാനും ഉണ്ടാവും പക്ഷെ നിസ്സംഗനായി ഒന്നോ രണ്ടോ പേജിൽ ഒതുക്കി പരാമർശിക്കുന്നെയുള്ളൂ ആത്മകഥയിൽ.

2.ഔദ്യോഗിക, അക്കാദമിക, ഗവേഷണ, സാഹിത്യ..

ഐക്യ കേരള രൂപീകരണം, കമ്മ്യൂണിസ്റ്റ് സർക്കാർ, ശൂരനാട് സമര സേനാനികളുടെയും നേതാക്കളുടെയും ജയിൽമോചന ശേഷമുള്ള തെളിഞ്ഞ കാലത്തിൽ പാർട്ടിയിൽ നിന്ന് ലീവ് എടുത്തു, മുടങ്ങിപ്പോയ പഠനം പൂർത്തിയാക്കുക. P hd നേടുമ്പോൾ സ്വന്തം നാട്ടിൽ വൻ സ്വീകരണയോഗം സംഘടിപ്പിക്കുന്നതു നാട്ടിലെ പാവപ്പെട്ട കർഷക തൊഴിലാളികളാണ്. പുതുശ്ശേരി അക്കാദമിക ഉന്നതികൾ കയറുമ്പോളും സ്വന്തം ഗ്രാമത്തിൽ മണ്ണിൽ ഉറച്ചു നിൽക്കുന്ന ഇറങ്ങി നിൽക്കുന്ന വർഗബോധമുള്ള സാധാരണ മനുഷ്യൻ ആയിരുന്നു. അതെ തിളച്ച മണ്ണിലെ കാൽനടക്കാരൻ

3.മലയാള ഭാഷയ്ക്കും സംസ്കാരത്തിനും ശരിയായ പൈതൃകത്തിനും വേണ്ടിയുള്ള

പ്രവർത്തങ്ങളും പോരാട്ടങ്ങളും.

കവിതകൾ ധാരാളമായി എഴുതി എങ്കിലും ഭാഷ ഗവേഷണങ്ങളും ഭാഷ പ്രചാരണവും ആണ് പുതുശ്ശേരി മുൻഗണന കൊടുത്തിരുന്നതായി കാണാം.പുതുശ്ശേരിയുടെ സംഘടന പാടവം ഒപ്പം രാഷ്ട്രീയ ബോധവും ദ്രാവിഡ ഭാഷകൾക്ക് പ്രത്യേകിച്ച് മലയാള ഭാഷക്ക് നൽകിയ സംഭാവനകൾ എണ്ണമറ്റതാണ്. മലയാളത്തിന്റെ ശ്രേഷ്ഠഭാഷ പദവി, ലോക മലയാള സമ്മേളനങ്ങൾ, ഭാഷയ്ക്ക് മേലുള്ള അക്രമങ്ങളെ തരംതാഴ്ത്തലുകളെ ജാഗരൂപമായി പ്രതിരോധിക്കുക ....

ആത്മകഥയിൽ നിന്ന്..

" പിന്നീട് ആലോചിക്കുമ്പോൾ മറ്റൊരു കാര്യം കൂടി ബോധ്യപ്പെട്ടു. മലയാളത്തനിമയെപറ്റി നിലവിളിക്കാറുള്ള നമ്മൾ എവിടെയാണതിന്റെ ഇലയും വേരും അന്വേഷിക്കേണ്ടത് എന്ന് ഇപ്പോഴും തിരിച്ചറിഞ്ഞിട്ടില്ല. അധികാരഭാവത്തിൽ നമ്മെ ആക്രമിച്ചുകീഴടക്കിയ സംസ്കൃതത്തിൽ അതന്വേഷിച്ചിട്ടു കാര്യമില്ല. അത് തിരയാനുള്ള ഇടമൊന്നെയുള്ളൂ. തമിഴ് മലയാള ഭാഷകൾ ഒന്നായിരുന്ന കാലത്ത് കേരളീയരായ കവികൾ രചിച്ച പാട്ടുകൾ. അതിൽ മലയാളതനിമയുടെ വേരുകൾ കാണാൻ കഴിയും. മലയാളതനിമയെന്ന ഓമനപ്പേരിൽ നാം ഘോഷിക്കാറുള്ളതു ദ്രാവിഡതനിമയെ തന്നെയാണ്. തമിഴ് മലയാളങ്ങൾക്കു പൊതുവെ ഉണ്ടായിരുന്ന അതിമനോഹരമായ വലിയൊരു പദാവലി തമിഴിന് മാത്രമായി വിട്ടുകൊടുത്ത നമ്മൾ പകരം ആ പീഠങ്ങളിലെല്ലാം സംസ്കൃതത്തെ പിടിച്ചിരുത്തുക യായിരുന്നല്ലോ.. "

ശൂരനാടിന്റെ പടപ്പാട്ടുകാരന് പ്രണാമം. ആദരാഞ്ജലികൾ □

പ്രസാധകർ : ചിന്ത പബ്ലിഷേഴ്സ്
വില : Rs. 330
--------
മാവേലിക്കര താലൂക്കിൽ വള്ളികുന്നത്ത് 1928 സെപ്റ്റംബർ 23നു ജനനം.

യുനിവേഴ്സിറ്റി കോളേജിൽ നിന്ന് മലയാളം ഓണേഴ്സ്, തിരുവിതാംകൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ഒന്നാം റാങ്കോടെ മലയാളം എം.എ (1956). 1970-ൽ കേരള സർവകലാശാലയിൽ നിന്നും ഭാഷാശാസ്ത്രത്തിൽ പി.എച്ച്.ഡി.

1942 ആഗസ്റ്റ് 9നു ക്വിറ്റിന്ത്യ സമരത്തിലൂടെ രാഷ്ട്രീയപ്രവേശം. 1950 ഡിസംബറിൽ എസ്.എൻ .കോളേജിലെ സമരത്തിൽ മുൻപന്തിയിൽ, അറസ്റ്റ് , ജയിൽ മർദ്ദനം, തടവു ശിക്ഷ. 1953-54-ൽ ശൂരനാട്ടു സംഭവത്തിനു ശേഷം നിരോധിക്കപ്പെട്ട കമ്മ്യൂണിസ്റ്റുപാർട്ടിയുടെ വള്ളികുന്നം-ശൂരനാട് സെക്രട്ടറി.

ഒന്നാം ലോകമലയാള സമ്മേളനത്തിന്റെ പ്രധാന ശില്പിയും സംഘാടകനും.

25ഓളം കൃതികൾ, ഒട്ടേറെ പുരസ്കാരങ്ങൾ.

പ്രധാന പുരസ്കാരങ്ങൾ

കേരള സാഹിത്യ അക്കാദമി അവാർഡ് (1999)
കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് (2005)
കേരളസാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം (2009)
കേന്ദ്രസാഹിത്യ അക്കാദമിയുടെ 'ഭാഷാസമ്മാൻ' (2014)
എഴുത്തച്ഛൻ പുരസ്കാരം (2015)

2020 മാർച്ച് 14 ന് ഡോ.പുതുശ്ശേരി രാമചന്ദ്രൻ അന്തരിച്ചു.